"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ്- മൈനിങ് & ജിയോളജി- തൃശ്ശൂർ ജില്ലാ ജിയോളജിസ്റ്റും നിലവിൽ മൈനിങ് & ജിയോളജി അഡീഷണൽ ഡയറക്ടറുമായ ശ്രീ. എം.സി. കിഷോർകുമാറിനെതിരെ വിജിലൻസ് ശിപാർശ ചെയ്തിരുന്ന അച്ചടക്ക നടപടി ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.1141/2026/ID തീയതി,തിരുവനന്തപുരം, 25-09-2026

---

പരാമർശം:-

1. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ 16/06/2023-ലെ CPSP 7-14301/2023/DVACB നമ്പർ കത്ത്
2. 9/10/2023തീയതിൽ ലഭ്യമായ വിജിലൻസ് (ബി) വകുപ്പിന്റെ വിജി-ബി1/288/2023 നമ്പർ കത്ത്
3. 18/11/2025- തീയതിയിൽ ശ്രീ. എം. സി. കിഷോർ ലഭ്യമാക്കിയ വിശദീകരണം
4. മൈനിങ് & ജിയോളജി വകുപ്പ് ഡയറക്ടർ 19/12/2025-ൽ ലഭ്യമാക്കിയ 785/2025/ഇ1 നമ്പർ പരിശോധന റിപ്പോർട്ട്

**ഉത്തരവ്**

ശ്രീ.സാജൻ.എൻ.പി. എന്നയാളുടെ പുരയിടത്തിനോട് ചേർന്ന് അനധികൃതമായി മണ്ണെടുത്തു മാറ്റിയതിൽ ശ്രീ.രാജേഷ് എന്നയാളുടെ സ്വാധീനത്തിന് വഴങ്ങി കുന്നംകുളം തഹസീൽദാർ കളവായി റിപ്പോർട്ട് നൽകി എന്ന് ആരോപിച്ച് ശ്രീ. സാജൻ എൻ. പി. സമർപ്പിച്ച പരാതിയിന്മേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ പരിശോധന നടത്തി സമർപ്പിച്ചിരുന്ന പരാമർശം (1)- ലെ റിപ്പോർട്ടിലെ 'ടി കാലയളവിലെ തൃശ്ശൂർ ജില്ലാ ജിയോളജിസ്റ്റായിരുന്ന ശ്രീ.എം.സി. കിഷോർ (നിലവിൽ അഡിഷണൽ ഡയറക്ടർ)-നെതിരെ കടുത്ത അച്ചടക്കനടപടി സ്വീകരിക്കുന്നതിനുള്ള' ശിപാർശ തുടർനടപടി സ്വീകരിക്കുന്നതിനായി പരാമർശം (2) പ്രകാരം വിജിലൻസ് വകുപ്പ് ലഭ്യമാക്കിയിരുന്നു.

2. പരാമർശം(1)-ലെ വിജിലൻസ് റിപ്പോർട്ടിന്റെ പ്രസക്തഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

പരാതിക്കാരന്റെ വീടിനടുത്തുള്ള സ്ഥലത്ത് നിന്നും ജിയോളജിയുടെ അനുവാദത്തോടെ മണ്ണെടുത്തിട്ടുണ്ടെന്നും മണ്ണെടുത്തത് പരാതിക്കാരന്റെ വീടിന് യാതൊരു അപകട ഭീഷണിയില്ലായെന്നും കാണിച്ച് 17.06.2020 തീയതി കുന്ദംകുളം അഞ്ഞൂർ വില്ലേജ് ഓഫീസർ തഹസീൽദാർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. ടി റിപ്പോർട്ടിനെ ആധാരമാക്കിയാണ് തഹസീൽദാർ ജില്ലാ കളക്ടർക്ക് റിപ്പോർട്ട് നൽകിയിട്ടുള്ളതെന്ന് ബോധ്യമാകുന്നുണ്ട്.

ടി സ്ഥലത്ത് ജിയോളജിസ്റ്റ്, വില്ലേജ് ഓഫീസർ എന്നിവർ സ്ഥല പരിശോധന നടത്തിയതായും ടി സ്ഥലത്ത് നിന്നും മണ്ണെടുത്ത് ലെവൽ ചെയ്തതിന് ശേഷമാണ് സ്ഥല ഉടമ കെട്ടിട നിർമ്മാണം നടത്തിയിട്ടുള്ളതെന്നും കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി സാധാരണ മണ്ണ് ഖനനം ചെയ്ത് പുറത്തേക്ക് നീക്കം ചെയ്തുമാറ്റുമ്പോൾ ആയതിന് ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ അനുമതി വേണമെന്നിരിക്കെ സ്ഥല ഉടമ യാതൊരു അനുമതി പത്രവും കൂടാതെ മണ്ണ് നീക്കം ചെയ്തതായും ബോധ്യമാവുന്നുണ്ട്.

ആകയാൽ അനധികൃതമായി മണ്ണെടുത്തതിന് ജില്ലാ ജിയോളജിസ്റ്റ് ടി സ്ഥലത്തിന്റെ ഉടമയിൽ

നിന്നും അതിന്റെ പിഴ ഈടാക്കേണ്ടതും പരാതിക്കാരന്റെ വീടിന് ഭീഷണി ഉണ്ടാകുന്ന തരത്തിൽ നിർദ്ദിഷ്ട അളവിൽ കൂടുതൽ മണ്ണെടുത്തിട്ടുണ്ടെങ്കിൽ ആയത് പരിശോധിച്ച് ടി മണ്ണ് അവിടെ നിക്ഷേപിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് തൃശ്ശൂർ ജില്ലാ ജിയോളജിസ്റ്റിന് നിർദ്ദേശം നൽകേണ്ടതാണ് എന്നും അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ജിയോളജിസ്റ്റിന്റെ അനുമതിയോടു കൂടിയാണ് മണ്ണെടുപ്പ് നടത്തിയതെന്ന് അഞ്ഞൂർ വില്ലേജ് ഓഫീസർ കുന്ദംകുളം തഹസീൽദാർക്ക് റിപ്പോർട്ട് നൽകിയത് തെറ്റായി നൽകിയതാണെന്ന് ബോധ്യമാകുന്നുണ്ട്.

പരാതിക്കാരൻ 13.08.2019 തീയതി ജില്ലാ ജിയോളജിസ്റ്റിന് മണ്ണെടുപ്പുമായി ബന്ധപ്പെട്ട് പരാതി നൽകിയിരുന്നതായും, എന്നാൽ സ്ഥല ഉടമ കമ്പനിയുടെ നിർമ്മാണത്തിനായി മണ്ണ് നീക്കി ലെവൽ ചെയ്തതായി ജിയോളജിസ്റ്റിന് അറിയാമായിരുന്നിട്ടും മണ്ണ് ഇടിഞ്ഞ് പോകാതിരിക്കുവാൻ ആവശ്യമായ സുരക്ഷിതത്വം ഉറപ്പ് വരുത്തണം എന്ന് മാത്രമേ 18.03.2020 തീയതി സ്ഥല ഉടമ രാജേഷിന് നൽകിയ കത്തിൽ പറഞ്ഞിട്ടുള്ളൂ. ടി പരാതിയിന്മേൽ അന്നത്തെ സീനിയർ ജിയോളജിസ്റ്റ് ശ്രീ.എം.സി. കിഷോർ മറ്റ് യാതൊരു നടപടികളും സ്വീകരിച്ചില്ലായെന്ന് ബോധ്യമാകുന്നതാണ്.

പരാതിക്കാരന്റെ പുരയിടത്തിനോട് ചേർന്ന് അനധികൃതമായി മണ്ണെടുത്തതിന് ജില്ലാ ജിയോളജിസ്റ്റ് ടി സ്ഥലത്തിന്റെ ഉടമയിൽ നിന്നും അതിന്റെ പിഴ ഈടാക്കേണ്ടതും പരാതിക്കാരന്റെ വീടിന് ഭീഷണി ഉണ്ടാകുന്ന തരത്തിൽ നിർദ്ദിഷ്ട അളവിൽ കൂടുതൽ മണ്ണെടുത്തിട്ടുണ്ടെങ്കിൽ ആയത് പരിശോധിച്ച് ടി മണ്ണ് അവിടെ നിക്ഷേപിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് തൃശ്ശൂർ ജില്ലാ ജിയോളജിസ്റ്റിന് നിർദ്ദേശം നൽകേണ്ടതാണെന്ന് അന്വേഷണ ഉദ്യോഗസ്ഥാൻ റിപ്പോർട്ട് ചെയ്യുന്നു. ജിയോളജിസ്റ്റിന്റെ അനുമതിയോടു കൂടിയാണ് മണ്ണെടുപ്പ് നടത്തിയതെന്ന് അഞ്ഞൂർ വില്ലേജ് ഓഫീസർ കുന്ദംകുളം തഹസിൽദാർക്ക് റിപ്പോർട്ട് നൽകിയത് തെറ്റായി നൽകിയതാണെന്ന് ബോധ്യമാകുന്നുണ്ട്. പരാതിക്കാരൻ 13.08.2019 തീയിതി ജില്ലാ ജിയോളജിസ്റ്റിന് മണ്ണെടുപ്പുമായി ബന്ധപ്പെട്ട് പരാതി നൽകിയിരുന്നതായും ടി പരാതിയിന്മേൽ അന്നത്തെ സീനിയർ ജിയോളജിസ്റ്റ് ശ്രീ. എം.സി.കിഷോർകുമാർ മറ്റ് യാതൊരു നടപടികളും സ്വീകരിച്ചില്ലായെന്ന് ബോധ്യമാകുന്നതാണ്. ടിയാന്മാരുടെ പ്രവർത്തി നിലവിലെ നിയമങ്ങൾക്ക് വിരുദ്ധമാകയാൽ അഞ്ഞൂർ വില്ലേജ് ഓഫിസറായ ശ്രീമതി. റോസി വി.കെ (പെൻ നമ്പർ 159589) എന്നവർക്കെതിരെ തൃശ്ശൂർ ജില്ലാ കളക്ടർക്ക് കടുത്ത അച്ചടക്ക നടപടി സ്വീകരിക്കാവുന്നതാണെന്നും അതുപോലെ 13.08.2019 തീയതി പരാതിക്കാരൻ ജില്ലാ ജിയോളജിസ്റ്റിന് നൽകിയ പരാതിയിൽ നടപടി സ്വീകരിക്കാതിരുന്ന സീനിയർ ജിയോളജിസ്റ്റ് ശ്രീ.എം.സി. കിഷോർ കുമാർക്കെതിരെ (ഇപ്പോൾ ഡെപ്യൂട്ടി ഡയറക്ടർ. ഡയറക്ടറേറ്റ് ഓഫ് മൈനിംഗ് ആൻഡ് ജിയോളജി തിരുവനന്തപുരം) (പെൻ നമ്പർ 316805) ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് മൈനിംഗ് ആൻഡ് ജിയോളജി, തിരുവനന്തപുരത്തിന് ഇക്കാര്യത്തിന് കടുത്ത അച്ചടക്ക നടപടി സ്വീകരിക്കാവുന്നതാണെന്നും അന്വേഷണ ഉദ്യോഗസ്ഥൻ ശുപാർശ ചെയ്യുന്നു.

3. ശ്രീ സാജൻ എൻ. പി -യുടെ പരാതിയുടെ അടിസ്ഥാനത്തിൽ 19.08.2019 ൽ സ്ഥലപരിശോധന നടത്തിയെന്നും, പരിശോധന സമയത്ത് പരാതിയിലെ ആരോപണ വിധേയനായ ശ്രീ.രാജേഷിന്റെ സ്ഥലത്ത് ഫാക്ടറിയുടെ പണി അവസാന ഘട്ടത്തിലായിരുന്നു എന്നും, ആയതിനാൽ ടി സ്ഥലത്ത് നിന്നും നീക്കം ചെയ്ത മണ്ണ് എത്രയെന്ന് കണക്കാക്കാൻ സാധിക്കില്ലായിരുന്നെന്നും, പരാതിക്കാരന്റെ ഉടമസ്ഥതയിലുള്ള വീടും സ്ഥലവും പരിശോധിച്ചതിൽ ടി വീടിനോട് ചേർന്നുള്ള സ്ഥലത്ത് നിന്നും മണ്ണ് എടുത്ത് സ്ഥലം ലെവൽ ചെയ്തിട്ടുള്ളതായും ടി ഭാഗത്ത് സംരക്ഷണ ഭിത്തി കെട്ടിയിട്ടുള്ളതായും ബോധ്യപ്പെട്ടു എന്നും, തുടർന്ന് സംരക്ഷണ ഭിത്തി കുറച്ച് ദൂരം കൂടി നീട്ടി കോൺക്രീറ്റ് ഇട്ട് സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് ശ്രീ. രാജേഷിന് അറിയിപ്പ് നൽകി നടപടി അവസാനിപ്പിച്ചിട്ടുള്ളതായും, ഗൂഗിൾ ഇമേജ് പരിശോധിച്ചതിൽ ശ്രീ. രാജേഷിന്റെ സ്ഥലത്ത് നിന്നും ഖനനം ചെയ്ത ധാതു പുറത്തേക്ക് കൊണ്ടുപോകുന്നതിനായി റോഡ് നിർമ്മിച്ചിട്ടുള്ളതായി കണ്ടെത്താൻ സാധിക്കാത്തതിനാൽ സ്ഥലം നിരപ്പാക്കുന്ന പ്രവൃത്തി മാത്രമാണ് നടന്നതെന്ന് മനസ്സിലാക്കാൻ സാധിച്ചതിനാലും, സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ലാത്തതിനാലുമാണ് പരാതിയിലെ ആവശ്യപ്രകാരം കോൺക്രീറ്റ് സംരക്ഷണ ഭിത്തി കെട്ടി സുരക്ഷിതത്വം ഉറപ്പാക്കാൻ കത്ത് നൽകി നടപടി അവസാനിപ്പിച്ചതെന്നും ശ്രീ എം. സി കിഷോർ, അഡീഷണൽ ഡയറക്ടർ പരാമർശം (3) പ്രകാരം നൽകിയ വിശദീകരണത്തിൽ ബോധിപ്പിച്ചിരിക്കുന്നു.

3. മൈനിങ് & ജിയോളജി വകുപ്പ് ഡയറക്ടർ, പരാമർശം (3) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പരാമർശം (1)-ലെ റിപ്പോർട്ടിലെ ശ്രീ. സാജൻ.എൻ.പി., വിജിലൻസ് ഡയറക്ടർക്ക് നൽകിയ പരാതിയും അന്നത്തെ തൃശ്ശൂർ ജിയോളജിസ്റ്റിന്റെ വിശദീകരണവും പരിശോധിച്ചതിൽ, പരാതിക്കാരന്റെ പുരയിടത്തിനോട് ചേർന്ന് അനധികൃതമായി മണ്ണെടുത്തു മാറ്റിയതിൽ റവന്യൂ അധികൃതർ

തെറ്റായ റിപ്പോർട്ട് നൽകിയതിനെതിരെയാണ് വിജിലൻസ് ഡയറക്ടർക്ക് പരാതി സമർപ്പിച്ചിട്ടുള്ളത് എന്നും ജിയോളജിസ്റ്റ് പരാതിയിന്മേൽ ഉചിതമായ നടപടി സ്വീകരിച്ചിട്ടുള്ളതായും കാണാവുന്നതാണെന്നും മേൽസാഹചര്യത്തിൽ അന്നത്തെ തൃശ്ശൂർ ജില്ലാ ജിയോളജിസ്റ്റായിരുന്ന ശ്രീ. കിഷോർ എം. സി. -യുടെ വിശദീകരണം സ്വീകരിച്ച് തുടർ നടപടിയിൽ നിന്നും ഒഴിവാക്കുന്നതിന് സർക്കാരിലേയ്ക്ക് ശുപാർശ ചെയ്തിരിക്കുന്നു.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.ശ്രീ. സാജൻ.എൻ.പി തനെറ പുരയിടത്തിനോട് ചേർന്ന് ശ്രീ. രാജേഷ് അനധികൃതമായി മണ്ണെടുത്ത് മാറ്റിയത് സംബന്ധിച്ച് **നൽകിയ പരാതിയിന്മേൽ അന്നത്തെ തൃശ്ശൂർ ജില്ലാ ജിയോളജിസ്റ്റായിരുന്ന ശ്രീ. കിഷോർ എം. സി.** ഉചിതമായ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അതിനാൽ ടിയാനെ തുടർ നടപടിയിൽ നിന്നും ഒഴിവാക്കണമെന്നുമുള്ള മൈനിങ് & ജിയോളജി ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ശിപാർശ ചെയ്തിരുന്ന അച്ചടക്കനടപടിയിൽ നിന്നും മൈനിങ്ങ് & ജിയോളജി വകുപ്പിലെ അഡിഷണൽ ഡയറക്ടർ) (മുൻ തൃശ്ശൂർ ജില്ലാ ജിയോളജിസ്റ്റ്) ശ്രീ. കിഷോർ എം. സി.-യെ ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ, മൈനിങ് & ജിയോളജി, തിരുവനന്തപുരം.
ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
ശ്രീ. എം. സി. കിഷോർ (ഡയറക്ടർ, മൈനിങ് & ജിയോളജി മുഖേനെ)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, ഓഡിറ്റ്, കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ, (എ&ഇ), കേരള, തിരുവനന്തപുരം.
വിജിലൻസ് (ബി) വകുപ്പ്
വിവര പൊതു ജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് ശേഖരം

ഉത്തരവിൻ പ്രകാരം

Digitally signed by
Sabitha B
സെക്ഷൻ ഓഫീസർ
Date: 28-09-2026
16:59:42